ഭാഗവതം നിത്യജീവിതത്തിൽ

ജീവിതവും ലോകസമ്പർക്കവും വരുത്തുന്ന ഏതു ദു:ഖദുരിതത്തിനുമുള്ള പരിഹാരത്തിനായി സ്വന്തം ഉള്ളിലേയ്ക്കുതന്നെയാണ് നോക്കേണ്ടത്. അതേ, അന്തരാത്മാവെന്ന ചേതനാകോശത്തിലേയ്ക്ക്! വാസ്തവത്തിൽ ഭാഗവതസംഹിത അടിമുടി ഓരോരുത്തനേയും ആഹ്വാനം ചെയ്യുന്നത് ആന്തരമായ പരിഹാരത്തിനും സമ്മാനത്തിനും മോചനത്തിനുമാണ്.

(പേജ് 97)

ഭഗവാൻ ഇഷ്ടപ്പെടുന്നത് സമചിത്തതയുള്ളവരെയാണ്. വെറുപ്പും വിദ്വേഷവും അമിതസ്നേഹവുമായി, ചാഞ്ചാടുന്ന രീതി വിട്ട്, എല്ലാറ്റിനേയും ഒരുപോലെകണ്ട് സ്വീകരിയ്ക്കുന്ന ശുദ്ധഹൃദയരുണ്ടല്ലോ, അവർക്കുള്ളിലാണ് ഭഗവാൻ ഏറ്റവും ഇഷ്ടത്തോടെ കടന്നുകൂടി പാർക്കുന്നത്.

(പേജ് 172)

പാരമഹംസ്യസംഹിതയായ ശ്രീമദ്ഭാഗവതത്തിലെ വിവരണങ്ങളും പ്രതിപാദനങ്ങളും കഥ മാത്രമാണോ? ശ്രോതാക്കളേയും അനുവാചകരേയും പരമഹംസപദത്തിലേയ്ക്കെത്തിയ്ക്കാൻ വ്രതബദ്ധനായി എഴുത്താണി ചലിപ്പിച്ച മഹാകവി, തന്റെ കഥനത്തിലൂടെ ഉദ്ദേശിയ്ക്കുന്നതെന്ത്, ആധുനികജീവിതത്തോട് എങ്ങനെ ഇതു പൊരുത്തപ്പെട്ടു പ്രായോഗികമാകുന്നു? ആത്മജ്ഞാനപഥത്തിൽ സ്വച്ഛന്ദം സഞ്ചരിയ്ക്കുന്ന തപോധനന്മാർതന്നെവേണം, ഭാഗവതപ്രിയരെ ഇതൊക്കെ ഫലപ്രദമായി ഗ്രഹിപ്പിയ്ക്കാനെന്നു വെളിപ്പെടുത്തുന്നതാണ് ഈ വിവരണങ്ങളും മൂല്യനിർവചനങ്ങളും.

വേദാന്തസാഹിത്യം പ്രതിപാദിച്ചു പ്രചരിപ്പിയ്ക്കുന്ന സുവിദിതനായ സംന്യാസനിഷ്ഠനാണ് സ്വാമി ഭൂമാനന്ദതീർഥർ. 23 -ാം വയസ്സിൽ സംന്യാസവൃത്തി സ്വീകരിച്ചതോടെ അദ്ദേഹം അവിരതം അനശ്വരജ്ഞാനത്തിന്റെ മഹിമയെ, അസാധാരണമായ ആശയത്തെളിച്ചത്തോടും പ്രായോഗികമേന്മയോടുംകൂടി ഇന്ത്യയിലും വിദേശങ്ങളിലുമുള്ള ജിജ്ഞാസുക്കൾക്കു കലവറയില്ലാതെ ഉദ്ബോധിപ്പിച്ചു വരുകയാണ്. സ്വാമിജിയുടെ വാക്കുകൾ ഞെട്ടിയ്ക്കുന്ന യുക്തികൂർമതയോടെയാണ് നാഗരികചിന്തകനെ ഗ്രസിയ്ക്കുന്നതെങ്കിൽ അനുഭവസാന്ദ്രമായ ആത്മസിദ്ധിയുടെ ഗാഢസ്പർശത്തോടെയാണ് ആത്മാർഥജിജ്ഞാസുവിനെ ആശ്ലേഷിയ്ക്കുന്നത്.

ശ്രദ്ധിച്ചാലും

രാമായണത്തേയും മഹാഭാരതത്തേയും പോലെതന്നെ സുവിദിതമാണ് പാരമഹംസ്യസംഹിതയായ ശ്രീമദ്ഭാഗവതമഹാപുരാണം. മൂലശ്ലോകങ്ങൾ വായിച്ച്, കൂടുതലായി കഥാഭാഗങ്ങൾ കേൾപ്പിയ്ക്കുന്ന സപ്താഹങ്ങൾ കുറവല്ല: എന്നാൽ വ്യക്തി, കുടുംബം, സമാജം, ഭരണകർത്താക്കൾ, ഇവരെല്ലാം ഫലപ്രദമായി അനുവർത്തിയ്ക്കേണ്ട ഒട്ടേറെ മൂല്യങ്ങളും സിദ്ധാന്തങ്ങളും പ്രായോഗികബന്ധത്തോടെ ശ്രീമദ്ഭാഗവതം അവതരിപ്പിച്ചു ചർച്ചചെയ്യുന്നുവെന്നു പലരും മനസ്സിലാക്കുന്നില്ല.

18000 ശ്ലോകങ്ങളടങ്ങുന്ന ഈ മഹച്ഛാസ്ത്രം നല്ല ബുദ്ധിയും മനസ്സുമുള്ളവർക്കു സ്ഥിരം ആവേശവും മാർഗദർശനവുമാണ്: ഈ വസ്തുത ബുദ്ധിജീവികൾക്കും സരളഹൃദയർക്കും അറിയാൻ കഴിയില്ലെന്നുവരുന്നതു ഖേദകരംതന്നെ. ഈ വിടവുനികത്തണമെന്ന ഉദ്ദേശത്തോടെ സ്വാമി ഭൂമാനന്ദതീർഥർ തന്റെ 40തിലേറെ വർഷങ്ങളായ അധ്യാത്മപ്രചരണജീവിതത്തിൽ ഭാഗവതസിദ്ധാന്തങ്ങളെക്കുറിച്ചും പ്രതിപാദിച്ചുവരുന്നു.

ഭഗവദ്ഗീത, ഉപനിഷത്തുക്കൾ, യോഗവാസിഷ്ഠരാമായണം എന്നീ വേദാന്തഗ്രന്ഥങ്ങളുമായി ഇന്ത്യയ്ക്കും പുറത്തും, ഒരു വിശ്വവിദ്യാലയമായിത്തന്നെയെന്നുപറയട്ടെ, സഞ്ചരിയ്ക്കുന്ന സ്വാമിജി, അതിനിടയിൽ ശ്രീമദ്ഭാഗവതത്തിലെ പ്രസക്തഭാഗങ്ങളും തുല്യപ്രാധാന്യത്തോടെ പ്രതിപാദിച്ചുവരുന്നത് ഈ ശാസ്ത്രത്തിനുള്ള പ്രമുഖസ്ഥാനം വ്യക്തമാക്കുന്നു.

ഏകാദശസ്കന്ധത്തിൽ ശ്രീകൃഷ്ണൻ ഉദ്ധവനു നല്കിയ അന്തിമോപദേശം, തലസ്ഥാനനഗരമായ ന്യൂഡെൽഹിയിൽ വർഷത്തിൽ ഒരധ്യായമെന്ന തോതിൽ 24 കൊല്ലങ്ങളായി സ്വാമിജി പ്രതിപാദിച്ചത് അവിസ്മരണീയമാണ്: കേരളത്തിലെ സാംസ്കാരികതലസ്ഥാനമായ തൃശ്ശൂരിലും വർഷങ്ങളായി ഇടവിട്ട് ഇതേ ഉപദേശം വിശദമായി വിവരിച്ചു മുഴുവനാക്കിയതും സുപ്രധാനമാണ്.

നാരായണാശ്രമതപോവനത്തിന്റേയും വ്യാസഗിരിയിലെ ഹിന്ദ് നവോത്ഥാന പ്രതിഷ്ഠാന്റേയും സംയുക്താഭിമുഖ്യത്തിൽ 12 ദിവസം നീണ്ടുനില്ക്കുന്ന ശ്രീമദ്ഭാഗവതതത്ത്വസമീക്ഷാസത്രം ഈ ഡിസംബറിൽ നടത്താൻ നിശ്ചയിച്ചതോടെ, തത്ത്വസിദ്ധാന്തങ്ങളുടെ ഒരു സമീക്ഷതന്നെയാകണം ഈ മഹത്സംരംഭമെന്നുള്ള തോന്നലും, അതിനുള്ള തീവ്രശ്രമവും സ്വാമിജിയിൽ പ്രബലമായി കടന്നുകൂടി. ഇതിനു തക്ക വീക്ഷണവും സമീപനവും സംഘാടകരിലെന്നപോലെ ശ്രോതാക്കളിലും ഉദിയ്ക്കണമെന്ന നിർബന്ധത്തിലാണ്, പല അസൗകര്യ

ങ്ങൾക്കും സമയക്കുറവിനുമിടയിൽ സ്വാമിജി ഈ പുസ്തകരചനയ്ക്കു പുറപ്പെട്ടത്.

ശ്രീമദ്ഭാഗവതം പ്രതിപാദിയ്ക്കുന്ന തത്ത്വമൂല്യസന്ദേശങ്ങൾ പ്രായോഗികബന്ധത്തോടെ ബഹുമുഖമായ നിത്യജീവിതത്തിൽ എങ്ങനെ ഇഴുക്കിച്ചേർക്കാം, മനസ്സിനു സന്തോഷവും, ബുദ്ധിയ്ക്ക് ആശയത്തെളിച്ചവും, വ്യവഹാരകുശലതയും നേടി സാഫല്യം കൈവരിയ്ക്കുന്നതെങ്ങനെ, എന്നൊക്കെ വ്യക്തമാക്കുന്നതിന് ഈ പുസ്തകം സഹായകമാകുമെന്നു വിശ്വസിയ്ക്കുന്നു. അതേസമയം ഇത്തരം ശാസ്ത്രങ്ങളുടെ മേന്മയും പ്രയോജനവും ശരിയ്ക്കും ഗ്രഹിച്ച് അവയോട് ആഭിമുഖ്യം വളർത്തി സ്വന്തം ജീവിതവ്യാപാരങ്ങളെ കൂടുതൽ സംപുഷ്ടമാക്കാൻ ബുദ്ധിയുള്ളവർക്ക് ഇതു പ്രേരണയാകുമെന്നു കരുതട്ടെ.

ഡിസംബർ 2002 നാരായണാശ്രമതപോവനം

തുടങ്ങുംമുമ്പേ

ശ്രീമദ്ഭാഗവതം പാലടപ്രഥമനാണ്. ധാരാളം പുല്ലുതിന്നു മേഞ്ഞു നടക്കുന്ന ഇളംപശുക്കളുടെ പാൽ, അഴുക്കും ചളിയുമില്ലാത്ത പഞ്ച സാര, ഉമിമാത്രം നീക്കി നറുചുവപ്പുള്ള തവിടോടെ നുറുങ്ങിപ്പൊടി യാതെ കുത്തിയെടുത്ത പച്ചരി മൈദപോലെ അരച്ച് ഇലയിലണിഞ്ഞു വേവിച്ചെടുത്തു നുറുക്കി, കഴുകി വെടുപ്പാക്കിയെടുത്ത അട. ഇവ മൂ ന്നുംകൂടി അടിയിൽപ്പിടിയ്ക്കാതെ ഇളക്കിക്കുറുക്കി വറ്റിച്ച്, ചെമ്പകപ്പൂ പാകത്തിൽ, കുഴച്ചട്ടുകം വലിയ്ക്കുമ്പോൾ വിടവു കാണാറായാൽ വാ ങ്ങി, പാത്രപാകംവന്ന പാലടപ്രഥമനാണ് ഈ മഹദ്ഗ്രന്ഥം. പാലും പഞ്ചസാരയും അടയും തിളച്ചിഴുകിച്ചേർന്നുണ്ടാകുന്ന ഈ പായസ ത്തിൽ അകംപുറമെന്നേ്യ മണവും രസവും അനുഭവപ്പെടും. ആവോളം രുചിച്ചു മതിവരുവോളം കഴിയ്ക്കാം. അതിനു കളമൊരുക്കാനാണ് പരം പൊരുൾ രചിച്ചിട്ടുള്ള ദൃശ്യലോകത്തിലെ വിവിധാനുഭവങ്ങൾ.

അടപ്രഥമൻ മാത്രമായി കഴിയ്ക്കേണ്ട, അരുതേനും. അത് ഊണി ന്റെ ഒരുഭാഗമേ ആകേണ്ടൂ.

ശ്രീമദ്ഭാഗവതം കഴിയ്ക്കാൻ വേണ്ടിയുള്ള ഊണുവട്ടങ്ങളാണ് ലോകസമ്പർക്കങ്ങൾ. അവയിലില്ലാത്ത രുചിയും പോഷകവും ശ്രീമ ദ്ഭാഗവതത്തിൽനിന്നും ലഭിയ്ക്കുന്നു.

ഭക്തിയെന്ന പാൽ, ജ്ഞാനമാകുന്ന അട, വൈരാഗ്യമെന്ന തരിപ്പ ഞ്ചസാര, ഈ മൂന്നും ചേർത്തു മനസ്സിൽവെട്ടു തിളപ്പിച്ചുവേണം ഭാഗ വതം കുറുക്കാൻ. തീനാളം ശരിയ്ക്കും ജ്വലിയ്ക്കണമെങ്കിൽ, ബുദ്ധി യെന്ന ജീവവായു ഇടതടവില്ലാതെ ലഭ്യമാകണം. അപ്പോൾ ഭാഗവത സുധയെന്ന പാലട ഒരുങ്ങുകയായി. സ്വാദിഷ്ഠവും പൂർണപോഷക വുമായ അത് ആവോളം കഴിച്ചു രസിച്ച് ഉന്മേഷത്തോടെ വാഴുക.

☐ പ്രസ്ഥാനത്രയവും ശ്രീമദ്ഭാഗവതവും

ഉണ്ണിക്കൃഷ്ണന്റെ കുറുമ്പും കളവും, മഹാവിഷ്ണുവിന്റെ പല നിറ ത്തിലുള്ള വേഷവിതാനങ്ങളും കേട്ടു വളർന്നുവന്ന കൊച്ചുമനസ്സ്, പ്രാ യപൂർത്തിയായതോടെ പ്രപഞ്ചത്തെത്തന്നെ ചോദ്യംചെയ്യാനും ചുറ്റും രസവിഹീനത കാണാനും തുടങ്ങി: എന്നാൽ ദൃശ്യലോകം എന്നും മൂ കമാണല്ലോ. അങ്ങനെ നിരാശയും നിരുത്സാഹവുമായി കുഴങ്ങിയിരി യ്ക്കുമ്പോഴാണ് പരംപൊരുളിന്റെ അദൃശ്യനീക്കമുണ്ടായത്. വ്യാസമ ഹർഷി ഇറങ്ങിവന്നപോലെ എല്ലുംതോലുമായി പ്രായംചെന്ന ഒരു ത പോധനൻ* അതാ കൊല്ക്കത്തയിലെ നമ്മുടെ പാർപ്പിടത്തിലേയ്ക്ക് ആനയിയ്ക്കപ്പെട്ടു.

അർഥവും ആവേശവുമില്ലാത്ത ജീവിതത്തിനു പ്രധാനവഴിത്തിരി വായിരുന്നു, ഈ വരവും തന്മൂലമുണ്ടായ സംസർഗവും. വിശ്രമം

കാണാനില്ലാതെ കുഴങ്ങിയിരുന്ന മനസ്സിന് അങ്ങനെയാണ് ബ്രഹ്മവിദ്യയും അതാനയിച്ച ആത്മമജ്ജനവും അടിയന്തിരനിവാരണമായിത്തീർന്നത്. ധ്യാനവും ജ്ഞാനതപസ്സും കൂടി വരുത്തിവെച്ചതാണ്, അനന്തരം പിന്തുടർന്ന ഉപനിഷത്തുകളും മറ്റ് ഉപരിഗ്രന്ഥങ്ങളുമായി എനിയ്ക്കുണ്ടായ കൂട്ടുകെട്ട്. അതു താമസിയാതെ പരമഹംസർക്കുള്ള പരിവ്രജനത്തിൽ കൊണ്ടെത്തിച്ചതോടെ പലതും വന്നണഞ്ഞു.

കൊച്ചുഹൃദയം ഉജ്വലമായതോടെ, ഉണ്ണിക്കൃഷ്ണന്റെ വളർച്ചയും വിവേകപൂർവം അറിയണമെന്നു തോന്നിയിരിയ്ക്കാം. അപ്പോഴാണ് മധ്യവയസ്കനായ ഗീതക്കൃഷ്ണനെ ഒരളവുവരെ അറിയാൻ കഴിഞ്ഞത്. ഉണ്ണിയിലെ കുസൃതിവികൃതികളെല്ലാം വിട്ട്, കുരുക്ഷേത്രത്തിൽ കർമകുശലദൃഷ്ടികാഴ്ചവെച്ച ദേവകീപുത്രനു പ്രായംകൂടിയപ്പോൾ എന്തു സംഭവിച്ചുവെന്നു കണ്ടതു ദ്വാരകയിൽ ഉദ്ധവനുമായി നടന്ന അന്തിമസംവാദത്തിലാണ്.

ഇതും കൂടിയായപ്പോൾ, പ്രസ്ഥാനത്രയതലം വിട്ടു ശ്രീമദ്ഭാഗവതത്തിലേയ്ക്കു കണ്ണോടിയ്ക്കാനുള്ള സാംഗത്യം വന്നുപെട്ടു. പരമഹംസപരിവ്രാജകകാലത്തുണ്ടായ ബഹുമുഖസംസർഗം ഈ ആച്ചിലിനു മാറ്റുകൂട്ടി. മാത്രമല്ല സാധാരണക്കാരെ ഓർത്ത് ഇടയ്ക്കിടെ ഉദ്ധവഗീത വിട്ടും, ശ്രീമദ്ഭാഗവതത്തിലെ ചില രംഗങ്ങൾ ശുകശൈലിയിൽ അവതരിപ്പിയ്ക്കാനുള്ള നിർബന്ധവും വന്നുചേർന്നു.

☐ രാമായണം, മഹാഭാരതം

പരശുരാമൻ സമ്മാനിച്ച കേരളക്കരയിൽ ദശാബ്ദങ്ങളായി നിലവിലുള്ളതാണല്ലോ ഭാഗവതസപ്താഹങ്ങൾ. ആഷാഢത്തിൽ രാമായണം വായിയ്ക്കുന്നത് ഇവിടുത്തെ പതിവാണ്. രാമായണം മനുഷ്യചരിതമാണെങ്കിൽ ശ്രീമദ്ഭാഗവതം തികച്ചും അധ്യാത്മസമഗ്രശാസ്ത്രമാണ്.

കുട്ടികളും കുമാരന്മാരും, യുവതീയുവാക്കളും വിവാഹിതരും, പ്രായംചെന്നവരും മരണമടുത്തവരും, ഭയന്നവരും അല്ലലും അലട്ടുമായി വട്ടംതിരിയുന്നവരും, തത്ത്വജിജ്ഞാസുക്കളും സാധകരും, ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, സംന്യാസി, ഇങ്ങനെ ജനസമുദായത്തിലെ എല്ലാവർക്കും വേണ്ട ജീവിതരീതികളും മൂല്യങ്ങളും ആദർശങ്ങളും ഫലപ്രദമായി പ്രതിപാദിച്ചുകൊണ്ട്, ധർമാർഥകാമമോക്ഷങ്ങളെല്ലാം തന്നെ വിശദമാക്കിക്കൊടുക്കുന്ന മഹച്ഛാസ്ത്രമാണ് ശ്രീമദ്ഭാഗവതം.

ഉള്ളടക്കവും ഉത്തുംഗതയും കൊണ്ട് ശ്രീമദ്ഭാഗവതം വേദസമമാണ്. പ്രസ്ഥാനത്രയത്തിലെ അമൂർത്തപ്രതിപാദനങ്ങൾക്കെല്ലാം ഇതിൽ മൂർത്തവിവരണങ്ങൾ കാണാം. പുരാണശൈലിയെ കൂട്ടുപിടിച്ചുകൊണ്ടാണ് ഗഹനവും സൂക്ഷ്മവുമായ തത്ത്വാവിഷ്കരണം ഭാഗ

*കൂടുതൽ വിവരണത്തിന് 'ആത്മസരണി'യിൽ വായിയ്ക്കുക

വതമുനി നടത്തുന്നത്. പണ്ഡിതന്റേതുപോലെ പാമരന്റെ ബുദ്ധിയേയും ആശ്ലേഷിച്ച് ആനന്ദം നല്കി വികസ്വരമാക്കണമെന്നാകാം ഇതിന്റെ പിന്നിൽ. തത്ത്വപ്രതിപാദനത്തിനു ചരിത്രകഥനമെന്ന പരിവേഷം നല്കി കൂടുതൽ ആസ്വാദ്യവും സാമാന്യമാക്കിത്തീർക്കുന്നതുമാകണം മഹർഷിയുടെ ഉദ്ദേശ്യം.

കളവുവൃത്തനായിരുന്ന രത്നാകരനെ, ആ ദൂഷ്യമപഹരിച്ചു നിഷ്കളങ്കഹൃദയനും നിശ്ശ്രേഷ്ടതപസ്വിയുമാക്കിത്തീർത്തതു സപ്തർഷികളാണല്ലോ. ആ വനചോരൻ വാല്മീകിയായതോടെ ഗുരുജനങ്ങളുടെ ചുവടുപിടിച്ച്, സമതലത്തിലെ സാമാന്യജനഹൃദയങ്ങളിൽ നുഴഞ്ഞുകയറി, കള്ളവും കളവും അടിച്ചുതൂത്ത്, മൂല്യബോധവും ധർമവാഞ്ഛയും പ്രതിഷ്ഠിയ്ക്കണമെന്നു തന്റെ വത്സലഹൃദയത്തിനു തോന്നിയതിന്റെ ഫലമാണല്ലോ രാമായണം. ജീവിതത്തിലെ സങ്കീർണജടിലവശങ്ങളല്ല മധുരസരളങ്ങളാണ് രാമായണവിവരണങ്ങളിലേറെയും: എന്നാൽ മനുഷ്യക്കഥ അതുകൊണ്ട് മുഴുവനാകയില്ലല്ലോ.

അങ്ങനെയാണ് ദ്വാപരയുഗത്തിൽ മുനിപൈതൃകത്തോടെ തപോനിരതനായിത്തീർന്ന പരാശരപുത്രൻ, മനുഷ്യജീവിതത്തിലെ സമഗ്രസങ്കീർണതയേയും ആശ്ലേഷിച്ചുകൊണ്ട്, എന്തു സാഹസത്തിനും സമർപ്പണത്തിനും വഴികാട്ടിയായി, തക്ക ബലവും പ്രേരണയും നല്കുന്ന മഹാഭാരതേതിഹാസം കാഴ്ചവെച്ചത്. രാമായണത്തിന്റെ സുമാർ ആറിരട്ടി വലുപ്പമുള്ള ഈ ധർമതത്ത്വദാർശനികസംഹിത അന്നുമുതൽ അവിടത്തെ മായാമുദ്രയായിത്തീർന്നു. **മഹാഭാരതത്തിലില്ലാത്തൊന്നും ലോകത്തിലില്ല: ലോകത്തിലുള്ളതൊക്കെ മഹാഭാരതത്തിതിലുമുണ്ടെന്ന** നിസ്തുലപ്രസിദ്ധിയാണ് അന്നു മുതൽ അതിന്.

മഹാഭാരതം ഒരു വലിയ നാടകമാണെങ്കിൽ ഭഗവദ്ഗീത അതിലെ പ്രമുഖരംഗമാണ്. അഞ്ചാംവേദമെന്നു പുകഴ്പെറ്റ മഹാഭാരതം അതേപടി വായിച്ചു ഗ്രഹിയ്ക്കുന്നവർ വളരെ കുറയും: എന്നാൽ ഭഗവദ്ഗീത ഒരു വരിയെങ്കിലും കേൾക്കുന്നവരും വായിയ്ക്കുന്നവരുമാകട്ടെ, തുലോം കൂടും.

ഈ രണ്ട് ഇതിഹാസങ്ങളും മനുഷ്യചരിത്രമാണ് മുമ്പിൽ നിറുത്തി പ്രതിപാദിയ്ക്കുന്നത്. അതിന് ഉപോദ്ബലകമായേ പുരാണചിന്തകളോ ഭാവനാസൃഷ്ടികളുമേ അവയിൽ സ്ഥാനം പിടിയ്ക്കുന്നുള്ളു.

രാമായണം ധർമപ്രധാനമാണെങ്കിൽ മഹാഭാരതം ധർമാർഥകാമമോക്ഷപ്രധാനമാണ്. മനസ്സിന്റെ നവരസങ്ങൾ ഒന്നൊന്നായി രചിച്ചുകൊണ്ട് മുന്നേറുന്ന മഹാഭാരതവിവരണങ്ങൾ അവസാനം ശാന്തിപർവത്തിലെത്തി, ശാന്തിരസം വാരിക്കോരി ഊട്ടുന്നത്, രചയിതാവിന്റെ സമഗ്രമായ വീക്ഷണവും വാത്സല്യവും എത്ര ഭംഗിയായി വെളിപ്പെടുത്തുന്നുവെന്ന് അറിഞ്ഞാസ്വദിയ്ക്കേണ്ടതത്രെ.

പതിനെട്ടക്ഷൗഹിണിസേനയിലെ പത്തൊഴികെ, ആനകുതിരകളടക്കം, എല്ലാവരും മരിച്ചുകഴിഞ്ഞു. മൃതദേഹങ്ങൾ കത്തിയെരിഞ്ഞു ചുടലപ്പുക അടങ്ങിയിരുന്നുവോ ആവോ! അപ്പോഴാണ്, ദേഹമാസകലം തുളഞ്ഞുകയറി കൂരമ്പുകളുമായി കിടക്കുന്ന ഭീഷ്മപിതാമഹന്റെ മുമ്പിൽ, ശ്രീകൃഷ്ണൻ യുധിഷ്ഠരനേയും മറ്റും കൂട്ടിച്ചെന്നത്. താൻ യുദ്ധത്തിൽ ജയിച്ചിട്ടില്ല മറിച്ച്, തോറ്റിരിയ്ക്കയാണ്, സിംഹാസനം വേണ്ട, വനവും തപസ്സും മതി, സഹോദരനാണെന്നറിയാതെ കർണനെ കൊല്ലിച്ച പാപം എങ്ങനെ തീർക്കും എന്നും മറ്റുമായി വിതുമ്പിക്കൊണ്ട് നില്ക്കയാണ് പാണ്ഡുപുത്രൻ.

താനടക്കം പലരും നല്കിയ സാന്ത്വനങ്ങൾ ഫലപ്രദമായില്ലെന്നു കണ്ട് കൃഷ്ണൻ, കഴിഞ്ഞുപോയ ദുരന്തത്തിനു നേതൃത്വവും സാക്ഷ്യവും വഹിച്ചു മരിയ്ക്കാതെ കിടക്കുന്ന പിതാമഹൻതന്നെയാവട്ടെ പൗത്രനു ശാന്തി പ്രദാനംചെയ്യാനെന്നു തീരുമാനിച്ചതിന്റെ പിന്നിൽ, എന്തൊക്കെ സന്ദേശങ്ങളാണ് മിന്നിത്തിളങ്ങുന്നത്!

ദേഹം മുഴുവനും കുത്തിക്കയറിയ അസ്ത്രങ്ങളിൽത്തന്നെ കിടന്നുകൊണ്ടാണ്, ആ ജ്ഞാനതപോധനൻ പൗത്രനു ശാന്തിസന്ദേശം നല്കി സമാധാനിപ്പിച്ചതെന്നു കാണുമ്പോൾ, ആ സംവാദത്തിലെ ആഴവും മഹിമയും എത്രയാണെന്നു പറഞ്ഞറിയിയ്ക്കേണ്ടതുണ്ടോ?

അങ്ങനെ ജീവിതദശ നേരിടാനുള്ള സുന്ദരരാമചരിതവും, സങ്കീർണ മഹാഭാരതവുംകൂടി ഭാരതീയരെ തുണച്ചുകൊണ്ടിരിയ്ക്കുമ്പോഴാണ് കഴിഞ്ഞ സഹസ്രാബ്ദത്തിൽ ശ്രീമദ്ഭാഗവതം കയറിവന്നു സ്ഥാനം പിടിച്ചത്.

☐ ശ്രീമദ്ഭാഗവതം

ഭാഗവതത്തിന്റെ ഉദ്ദേശ്യം മനശ്ചരിത്രകഥനമാണ്. ലോകവിവരണത്തെക്കാളേറെ ഇതിൽ മുൻതൂക്കം കൊടുക്കുന്നതു ലോകസ്രഷ്ടാവിന്റെ മഹിമകൾക്കാണ്. കാരണം, പ്രപഞ്ചസമ്മർദത്തിൽപ്പെട്ടു ഞെരുങ്ങിയുഴലുന്ന മനസ്സിനെ, അവിടെയിരിയ്ക്കേതന്നെ ലഘൂകരിച്ചെടുക്കണം. ബഹുഭൂരിപക്ഷം ജനങ്ങൾക്കും സ്വഗൃഹങ്ങൾ വിട്ടുപോകാനോ, ലോകം ഉപേക്ഷിയ്ക്കാനോ കഴിയില്ല: എന്നാൽ ലോകംവിട്ടു കഴിയുന്ന തീവ്രതപസ്വികൾക്കു സിദ്ധിയ്ക്കുന്ന സന്തോഷസാഫല്യം ഗൃഹവാസികൾക്കു ലഭിയ്ക്കയും വേണം. കേൾക്കുമ്പോൾ വിരുദ്ധവും അസംഭാവ്യവുമെന്നു തോന്നിയ്ക്കുന്ന ഈ കൃത്യം, അങ്ങനെയല്ല, സുഗമവും സുസാധ്യവും ആണെന്നു ഭാഗവതത്തിലൂടെ ആദ്യന്തം ബോധ്യപ്പെടുത്തുകയാണ് മഹർഷിതിലകൻ.

അന്നുവരെ എഴുതിയിട്ടുള്ള വൈദികസാഹിത്യകൃതികളിലുള്ള സിദ്ധാന്തങ്ങളെ ക്രോഡീകരിച്ചുകൊണ്ട് പുതിയ ശൈലിയും ഭാവന

കളും ഘടനയുമായി, വസ്തുതകൾക്കു കഴിയാത്ത ഫലവും നേട്ടവും ഭാവനകൾകൊണ്ട് നേടിയെടുക്കാനുള്ള തുറന്ന പ്രയത്നവുംകൂടിയാണ് ശ്രീമദ്ഭാഗവതം.

ഇതിൽ ഭക്തിയെപ്പോലെത്തന്നെ അതു വളർത്തിയെടുക്കാനുള്ള ജ്ഞാനവും വൈരാഗ്യവും ഒരുപോലെ പരാമർശിയ്ക്കപ്പെടുന്നു. ഭാഗവതത്തിലെ ദാർശനികസിദ്ധാന്തങ്ങൾ സമഗ്രവും, പലേടത്തും ഗഹനവും ആണ്. അവ ഒഴിച്ചുകൂടാത്തതാണെന്നു കരുതിയാണോ പല പ്പോഴും മഹർഷി അവയെ സ്തുതികളുടെ ഭാഗമാക്കി ചമച്ചിട്ടുള്ളത്.

ഭഗവാനെ സ്തുതിയ്ക്കണം; എന്നാൽ അത്, സ്തുതിയ്ക്കുന്ന മനസ്സിന്റെ വികലതകൾനീക്കി വീര്യംനല്കി ഭക്തനെ വിവേകനിധിയാക്കാൻ ഉതകണമെന്നുകൂടി ഭാഗവതമുനിയ്ക്കു നിർബന്ധമുണ്ട്. വേറേയും പല കലകളും മേന്മകളും ഈ ഗ്രന്ഥരചനയിൽ കാണാം.

സർഗം, വിസർഗം, ഊതി എന്നിങ്ങനെ പല സംഗതികളും വിവരിയ്ക്കുന്നതോടൊപ്പം, വംശകഥനത്തിനു മഹർഷി ധാരാളം സ്ഥാനം കൊടുത്തുകാണുന്നു. ഓരോ തലമുറകളിലും എത്രപേരുകളാണ് ഇതിനു നിരത്തിവെയ്ക്കുന്നത്! ഇങ്ങനെയുള്ള പേരുപങ്തികൾ പലപ്പോഴും നീണ്ടുനീണ്ടുപോകുന്നത് ഒന്നാന്തരം സ്മൃതിപരിശീലനം തന്നെ. വയസ്സാകുന്നതോടെ ഓർമക്കുറവു സഹജമാണല്ലോ. അത്തരം ജീർണതയ്ക്കു തടയിടാനും ഓർമശക്തി വർധിപ്പിയ്ക്കാനും, വലയിഴകൾപോലെ ഇത്രയധികം കണ്ണികൾ ചേർത്തുണ്ടാക്കിയ വിവരണങ്ങൾ വലിയ സഹായവും സാധനയുമാണെന്നറിയുന്നതു നന്ന്.

ഉത്താനപാദന്റെ മകൻ ധ്രുവൻ, ധ്രുവപുത്രന്മാരാണ് ഉത്കലനും വത്സരനും കല്പനും. പിന്നെ വത്സരന്റെ മക്കൾ ഇഷൻ, തിഗ്മകേതു, പുഷ്പാർണൻ എന്നിവർ. പുഷ്പാർണനുണ്ടായ ആറു മക്കളിൽ വ്യുഷ്ടനുജനിച്ച സർവതേജസ്സിനുണ്ടായ ചക്ഷുസ്സെന്ന മനുവിനുള്ള പന്ത്രണ്ടുമക്കളിൽ ഉൽമുകനു ജനിച്ച അംഗന്റെ മകനായ വേനനെ തുടർന്നുണ്ടായ പ്രഥുവിനെ പിൻതുടർന്ന പ്രാചീനബർഹിസും പുത്രൻ വിജിതാശ്വനും പേരും വംശവും ഇങ്ങനെ നീണ്ടുപോകുന്നു.

സ്വന്തം കുടുംബാംഗങ്ങൾപോലെയല്ല ഇവർ. ഓരോരുത്തരുടേയും ചെയ്തികൾ ഓരോരോ സമയത്ത്, ദൃഷ്ടാന്തമോ പരിഹാരമോ ആയി നില്ക്കും. തക്ക ദിശയും ആവേശവും തിരുത്തും അതാതു സന്ദർഭങ്ങളിൽ നല്കാനുള്ള കഴിവ് ഇവയ്ക്കുണ്ട്.

ഭക്തിയേയും ഭഗവാനേയും കൂട്ടുപിടിച്ചു ലോകഭാരം കുറച്ച്, ഇല്ലാത്തവരോ കുറഞ്ഞതോ ആയ മേന്മയും ധന്യതയും ആവശ്യത്തിനൊത്തു വാരിക്കോരി ഊട്ടന്ന ഭാഗവതകഥനത്തിന്റെ മാസ്മരികത അവർണ്യമായി എന്നും നിലനില്ക്കും.

വിഷയവിവരം

1

01 - 30

- ☐ താപത്രയം നീക്കാൻ വാസ്തവജ്ഞാനം
- ☐ മനോഹരമായ ഭാവനായാത്ര
- ☐ രാജാധികാരം വരുത്തിവെച്ച വിന
- ☐ തപോധനനിലെ ഉദാരവീക്ഷണം
- ☐ അകൃത്യത്തെ വെല്ലുന്ന പശ്ചാത്താപശോഭ
- ☐ ഗംഗാതീരത്തിലെ അമൂല്യപാഠങ്ങൾ
- ☐ തെറ്റുചെയ്ത മനസ്സിലെ വിജയമഹിമ
- ☐ മിന്നിക്കിളങ്ങുന്ന വൈരാഗ്യതരംഗം
- ☐ ഭക്തിയും അതിനപ്പുറവും
- ☐ സൃഷ്ടി അഥവാ രചന
- ☐ സ്രഷ്ടൃനിവേദനത്തിലെ വാഗ്ദത്തം
- ☐ ഭക്തിയില്ലെങ്കിൽ ജീവിതം ശവതുല്യം
- ☐ ചതുഃശ്ലോകീഭാഗവതം

2

31- 50

- ☐ അമരഗായകനും അമരഗാനവും
- ☐ വിദുരപ്രശ്നം
- ☐ ദിതിയും കശ്യപനും
- ☐ ഈശ്വരനാലുള്ള പുത്രവധം മംഗളകരം
- ☐ ഹിരണ്യാക്ഷജന്മത്തിലെ പാഠങ്ങൾ
- ☐ നല്ല സന്താനലബ്ധിയ്ക്കുള്ള താക്കോൽ
- ☐ തത്ത്വജ്ഞരാണ് പ്രത്യക്ഷദൈവം

3

51 - 79

- ☐ ദേവഹൂതികർദമരിലെ സുന്ദരവൈരുധ്യം
- ☐ കപിലൻ അപൂർവജന്മം
- ☐ മകൻ അമ്മയെ ഉപദേശിയ്ക്കുന്നു
- ☐ കപിലമൊഴികൾ
- ☐ പ്രകൃതിയും പുരുഷനും
- ☐ അധ്യാത്മം വരുത്തുന്ന ഉത്തുംഗത
- ☐ ഈശ്വരഭക്തി വരുത്തേണ്ട മാറ്റങ്ങൾ
- ☐ കപിലവാക്യങ്ങൾ പരീക്ഷിത്തുമനസ്സിൽ
- ☐ കപിലോക്തിസമാപനം
- ☐ മകന്റെ വാക്കുകൾ കേട്ട് അമ്മ
- ☐ സാംഖ്യസിദ്ധാന്തവും മുൻപിന്നും

4

81 - 98

- ☐ പാരമഹംസ്യസംഹിത
- ☐ അമാനുഷനിൽനിന്ന് മനുഷ്യൻ
- ☐ ദക്ഷധിക്കാരവും കൊടിയ തിരിച്ചടിയും
- ☐ സതിശിവദക്ഷത്രികോണം
- ☐ ദക്ഷനിലെ ദുരഭിമാനം
- ☐ പകപോക്കാനുള്ള പ്രതിയാഗം
- ☐ അച്ഛന് മകളുടെ സാരോക്തികൾ
- ☐ ആത്മദഹനം വേണ്ടിയിരുന്നവോ
- ☐ തെറ്റ് എവിടേയും ക്ഷന്തവ്യമല്ല

5

99 - 127

- പൈതൃകസിരകളിലെ വിരുദ്ധഗതികൾ
- ഉത്താനപാദന്റെ ദൗർബല്യം
- ബാലഹൃദയത്തിലെ തപോധീരത
- ഭഗവാനും ഭക്തനും നേർക്കുനേരെ
- അനുഗൃഹീതമനസ്സിലെ പശ്ചാത്താപം
- ധ്രുവസംഭവം ഓതുന്ന നിത്യപാഠങ്ങൾ
- ഭഗവദ്ധ്യാനത്തിന്റെ ഉൾമാനങ്ങൾ
- വിശ്വവൃത്തത്തിലെ കേന്ദ്രബിന്ദു
- വൈരുധ്യങ്ങൾ സമീകൃതമാകണം

6

129 - 153

- നീണാൾ വാണ ധ്രുവജന്മം
- ധ്രുവൻ നല്കുന്ന ബഹുമുഖപാഠങ്ങൾ
- ധ്രുവനെ പിന്നിട്ട മിശ്രപരമ്പര
- ജന്മരഹസ്യങ്ങൾ
- ഭീഷ്മരും വ്യാസദേവനും നേർക്കുനേരെ
- പ്രത്യക്ഷപാഠങ്ങളും ഭാവനാസൃഷ്ടിയും

7

155 - 195

- മാതൃകാജന്മമായ പൃഥു
- നന്മയരുളുന്ന ആത്മധൈര്യം
- നൂറാമശ്വമേധയാഗം
- ഭരണധർമത്തിലെ ശാശ്വതാടിസ്ഥാനം
- ഇതിഹാസമൂല്യങ്ങൾ ബഹുമുഖം
- തിരുത്ത് എപ്പോഴുമാവാം
- ഭക്തിപഥത്തിലെ ധന്യമുഹൂർത്തം

7

155 - 195

- ഭക്തിതന്നെ ഭക്തന്നുള്ള സമ്മാനം
- ക്ഷത്രിയധർമം ദാരുണമോ
- സത്പ്രവൃത്തിയും സജ്ജനഭക്തിയും രാജദൃഷ്ടിയിൽ
- തപസ്വിതൂലികയുടെ മേന്മ
- സനകാദിസമക്ഷം പൃഥു
- രാജദമ്പതികളുടെ അന്തിമസാഫല്യം
- പൃഥുജന്മത്തിലെ മഹത്പാഠങ്ങൾ
- ഭഗവദനുഗ്രഹത്തെ തുടർന്നുള്ള ഭക്തകൃത്യം
- ആഗ്രഹശമനമാണ് ബന്ധമുക്തി
- രാജ്യഭരണം ത്യജിച്ച് തപോവൃത്തിയിലേയ്ക്ക്
- അന്യാദൃശദമ്പതിമാർ

8

197 - 231

- പൃഥുവിന്റെ പിൻഗാമികൾ
- ഭക്തിയുടെ അന്തിമാഹ്വാനം
- യജ്ഞയാഗങ്ങളും പുരഞ്ജനകഥയും
- കഥയിൽനിന്ന് കാര്യത്തിലേയ്ക്ക്
- മനസ്സിനെ മെരുക്കിയെടുക്കുന്ന മഹദ്ഔത്യം
- രസപ്രദാനമായ കഥനരീതി
- ഗൂഢാർഥപ്രയോഗങ്ങളുടെ തുടക്കം
- പ്രചേതസ്സുകൾ വിഷ്ണുപ്രീതി നേടുന്നു
- ജ്ഞാനദാഹം തീർക്കാൻ വീണ്ടും നാരദൻ
- ആത്മധനമുള്ളവരിലത്രേ വിഷ്ണുവാസം
- പവിത്രതയിലും മൂല്യങ്ങളിലുമാണ് ഭക്തി
- ഉറ്റുനോക്കേണ്ടത് മനസ്സിലേയ്ക്കുതന്നെ

- അനുക്രമണിക